**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325** **17-03-2025 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ മേൽനോട്ട സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിനും തമിഴ്നാടിനും സ്വീകാര്യമായ പരിഹാരമുണ്ടാക്കുന്നതിനായി പുതുതായി രൂപീകരിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പുതിയ മേൽനോട്ട സമിതിയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) എന്നിവരെയാണ് സമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) ആയതിനാൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ക്ക് പകരം ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി) യെ നിയോഗിക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര ജലശക്തി മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന ശാശ്വതവും സൗഹാർദ്ദപരവുമായ നിലപാടുകൾ തർക്ക വിഷയത്തിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും പ്രായോഗിക തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനും സഹായകമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പഴയതും പുതിയതുമായ മേൽനോട്ട സമിതി യോഗങ്ങളിൽ കേരളത്തിന്റെ ആവശ്യങ്ങളും നിലപാടുകളും വ്യക്തമാക്കിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം 2014 ൽ രൂപീകരിച്ച മൂന്നംഗ മുല്ലപ്പെരിയാർ മേൽനോട്ട സമിതി പിന്നീട് അഞ്ചംഗസമിതിയായി പുനഃസംഘടിപ്പിക്കുകയും അതിനുശേഷം അഞ്ചംഗ മേൽനോട്ട സമിതിക്ക് പകരം ദേശീയ ഡാം സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിലുള്ള പുതിയ മേൽനോട്ട സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ മേൽനോട്ട സമിതിയുടെ നിയമപരമായ സാധുത കേരളം പരിശോധിച്ചുവരികയാണ്. മേൽനോട്ടസമിതി യോഗങ്ങളിൽ കേരളം സ്വീകരിച്ച നിലപാടുകളും തർക്കവിഷയങ്ങളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സഹായകരമായ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു. |

- ഡാമിൽ നിലവിലുള്ള ഉപകരണങ്ങളുടെ പോരായ്മകൾ പരിഹരിച്ച് സുരക്ഷയും പ്രവർത്തനവും നിരീക്ഷിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭൂകമ്പമാപിനികളും മറ്റു ആധുനിക ഉപകരണങ്ങളും ഉൾപ്പെടെയുള്ള ഒരു സമഗ്രമായ ഇൻസ്ട്രുമെൻറേഷൻ പ്ലാൻ സ്ഥാപിക്കണമെന്ന് കേരളം മേൽനോട്ട സമിതിയിൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് അണക്കെട്ടിന്റെ വിവിധ സ്ഥാനങ്ങളിൽ ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുണ്ട്.
- അണക്കെട്ടിന്റെ ഇൻസ്ട്രുമെൻറേഷനിൽ കേരളം ആശങ്ക ഉന്നയിച്ചതിനെ തുടർന്ന് എൻ.ഐ.ആർ.എം ബംഗളൂരുവിലെ വിദഗ്ധർ സ്ഥലം സന്ദർശിക്കുകയുണ്ടായി. എൻ.ഐ.ആർ.എം-ന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേൽനോട്ടസമിതി യോഗത്തിൽ തമിഴ്നാട് അറിയിച്ചിട്ടുണ്ട്.
- കൂടാതെ ഡാമിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്കനുസൃതമായി ക്രമീകരിക്കണമെന്നും, ഡാമിൽ ഫ്ളഡ് വാർണിംഗ് സിസ്റ്റം, അടിയന്തര കർമ്മപദ്ധതി എന്നിവ അടിയന്തരമായി തയ്യാറാക്കണമെന്നും മേൽനോട്ട സമിതിയിൽ ആവശ്യപ്പെട്ടിരുന്നു.
- ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരവും കേരളത്തിന്റെ നിരന്തരമുള്ള ആവശ്യപ്രകാരവും മുല്ലപ്പെരിയാറിൽ സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനം മാനദണ്ഡങ്ങൾക്കനുസൃതമായി ചെയ്യുന്നതിനായി അണക്കെട്ടിൽ സംഭരിക്കാവുന്ന ജലനിരപ്പ് 136 അടി മുതൽ 142 അടി വരെ മാറിവരുന്ന നിരക്കിൽ തമിഴ്നാട് റൂൾ കർവ് രൂപപ്പെടുത്തിയിട്ടുണ്ട്.
- അണക്കെട്ടിന്റെ അടിയന്തര കർമ്മ പദ്ധതി (Upstream & Downstream) തയ്യാറാക്കുന്നതിനായി മേൽനോട്ട സമിതി തമിഴ്നാടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
- ഡാമിലേക്കുള്ള വൈദ്യുതി വിതരണം പൂർണ്ണമായും പുനഃസ്ഥാപിക്കുവാൻ കേരളത്തിന്റെ കൃത്യമായ ഇടപെടലുകളിലൂടെ സാധിച്ചിട്ടുണ്ട്.

- വൃഷ്ടിപ്രദേശത്തെ മഴ സംബന്ധിച്ച ഐ.എം.ഡിയുടെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് പ്രവചിക്കുന്ന സംവിധാനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ കേരളം മേൽനോട്ട സമിതിയംഗങ്ങൾക്ക് എല്ലാ ദിവസവും കൈമാറുന്നുണ്ട്.
- അണക്കെട്ടിലേക്ക് അറ്റകുറ്റപണികൾക്കായുള്ള സാധനസാമഗ്രികൾ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന വള്ളക്കടവ് ഘട്ട് റോഡ് നന്നാക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെ തുടർന്ന് ആയത് യഥാർത്ഥ അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയും 2018 ലെ പ്രളയത്തിൽ ഒലിച്ചുപോയ ഘട്ട് റോഡിലെ കോസ് വെ (Causeway) യുടെ പുനർനിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.
- അണക്കെട്ടിന്റെ നിലവിലെ അവസ്ഥ വിലയിരുത്തുന്നതിന് സമഗ്ര സുരക്ഷാ അവലോകനം ഡാം വിദഗ്ധർ ഉൾപ്പെടുന്ന ഒരു നിഷ്പക്ഷ സമിതിയെക്കൊണ്ട് നടത്തേണ്ടത് അനിവാര്യമാണെന്നുമുള്ള കേരളത്തിന്റെ നിലപാടിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള പരിഗണനാ വിഷയങ്ങളും വിദഗ്ധരുടെ പാനലും തയ്യാറാക്കി നൽകുവാൻ തമിഴ്നാട് അധികൃതർക്ക് മേൽനോട്ട സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.
- അണക്കെട്ടിന്റെ ബലപ്പെടുത്തൽ പ്രവൃത്തികൾ ഒഴികെയുള്ള അറ്റകുറ്റ പണികൾക്കുള്ള സാധനസാമഗ്രികളും യന്ത്രങ്ങളും അണക്കെട്ടിലേക്ക് കൊണ്ടുപോകുവാൻ അനുമതി നൽകണമെന്നുള്ള തമിഴ്നാടിന്റെ അപേക്ഷയിന്മേൽ വിശദമായ പരിശോധനകൾക്ക് ശേഷം അനുമതി നൽകാറുണ്ട്.
- കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് ഡാമിന്റെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുവാനായി അണക്കെട്ടിൽ നിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുവാനും, ജലവിതാനം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും തമിഴ്നാടിനോടും മേൽനോട്ട

| | | | |
|---|---|---|---|
| | | | സമിതിയുടെ ചെയർമാനോട്ടും ആവശ്യപ്പെടാറുണ്ട്.<br>• ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്നതിന് മുന്നോടിയായി അടിയന്തര നടപടികൾ സ്വീകരിക്കുന്നത് 24 മണിക്കൂറിന് മുമ്പ് കേരളത്തെ അറിയിക്കണമെന്നും, നിയന്ത്രിതമായ അളവിൽ മാത്രം ജലം പുറത്തേക്കൊഴുക്കുവാനും, രാത്രി കാലങ്ങളിൽ കൂടുതൽ ജലം പുറത്തേക്ക് ഒഴുക്കരുതെന്നും തമിഴ്നാടിനോട്ടും, മേൽനോട്ട സമിതിയുടെ ചെയർമാനോട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനോട് തമിഴ്നാട് പൊതുവെ അനുകൂല സമീപനമാണ് സമീപകാലത്ത് സ്വീകരിച്ചുവരുന്നത്. |
| (ഡി) | ഇതു സംബന്ധിച്ച് തീർപ്പാക്കാനുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളുടേയും സംയുക്തയോഗം വിളിച്ചു ചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അനന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളുടെയും മുഖ്യമന്ത്രിമാർ 25.09.2019ൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് 12.12.2022ൽ ചീഫ് സെക്രട്ടറി തലത്തിലും യോഗം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ